# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം–686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702


2019 ജൂൺ 6

# വാർത്താക്കുറിപ്പ്

---

## എം.ജി. പി.ജി. ഏകജാലക പ്രവേശനം; ഒന്നാംഘട്ട അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു

മഹാത്മാ ഗാന്ധി സർവകലാശാലയ്ക്ക് കീഴിലുള്ള കോളേജുകളിൽ ഏകജാലകം വഴിയുള്ള ബിരുദാനന്തര ബിരുദ പ്രവേശനത്തിന് ഒന്നാംഘട്ട അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു. അലോട്ട്മെന്റ് ലഭിച്ചവർ ഓൺലൈൻ പേയ്മെന്റ് ഗേറ്റ്വേ വഴി ഫീസടച്ച് അലോട്ട്മെന്റ് മെമ്മോയുടെ പ്രിന്റൗട്ട് എടുത്ത് ജൂൺ 10ന് വൈകീട്ട് 4.30നകം പ്രവേശനം നേടണം. യോഗ്യത തെളിയിക്കുന്ന അസൽ രേഖകൾ കോളേജിൽ ഹാജരാക്കണം.

ജൂൺ 10നകം ഫീസടയ്ക്കാത്തവരുടെയും ഫീസടച്ചശേഷം കോളേജിൽ പ്രവേശനം നേടാത്തവരുടെയും അലോട്ട്മെന്റ് റദ്ദാകും. തുടർന്നുള്ള അലോട്ട്മെന്റിന് പരിഗണിക്കില്ല. താല്ക്കാലിക പ്രവേശനം നേടുന്നവർ അലോട്ട്മെന്റ് മെമ്മോയും അസൽ രേഖകളും കോളേജിലെ പരിശോധനയ്ക്കുശേഷം തിരികെ വാങ്ങണം. ഇവർ കോളേജുകളിൽ പ്രത്യേകമായി ഫീസടയ്ക്കേണ്ടതില്ല. ഓൺലൈനായി നിശ്ചിത സർവകലാശാല ഫീസടയ്ക്കണം. ലഭിച്ച അലോട്ട്മെന്റിൽ തൃപ്തനാണെങ്കിൽ അവശേഷിക്കുന്ന ഹയർ ഓപ്ഷനുകൾ റദ്ദാക്കണം. ജൂൺ 11ന് ഓപ്ഷൻ പുനഃക്രമീകരിക്കാം.

ഉയർന്ന ഓപ്ഷൻ നിലനിർത്തിയാൽ തുടർന്നുള്ള അലോട്ട്മെന്റിൽ മാറ്റം വരും. ഇങ്ങനെ ലഭിക്കുന്ന അലോട്ട്മെന്റ് നിർബന്ധമായും സ്വീകരിക്കണം. ആദ്യം ലഭിച്ച അലോട്ട്മെന്റ് നഷ്ടപ്പെടും. മാറ്റം ലഭിക്കുന്നവർ പുതുതായി ഫീസടയ്ക്കേണ്ടതില്ല. ഹയർ ഓപ്ഷൻ നിലനിർത്തുന്ന അപേക്ഷകർക്ക് മൂന്നാം അലോട്ട്മെന്റ് വരെ താത്ക്കാലികമായി പ്രവേശനം നേടാം. ഹയർ ഓപ്ഷൻ നിലനിർത്താൻ ആഗ്രഹിക്കുന്ന അപേക്ഷകരൊഴികെയുള്ളവർ കോളേജിൽ നിശ്ചിത ട്യൂഷൻ ഫീസടച്ച് സ്ഥിരപ്രവേശനം ഉറപ്പുവരുത്തണം.

കോളേജുകളിൽ പ്രവേശനത്തിനായി റിപ്പോർട്ട് ചെയ്യുന്നവർ പ്രവേശനത്തിനുശേഷം കൺഫർമേഷൻ സ്ലിപ് കോളേജധികൃതരിൽ നിന്ന് വാങ്ങണം. പ്രവേശനം സംബന്ധിച്ച വിവരങ്ങൾ കൃത്യമായി അപ്ലോഡ് ചെയ്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തണം. വിവിധ പ്രോഗ്രാമുകളിലേക്ക് നിശ്ചയിച്ച ട്യൂഷൻ ഫീസ് സംബന്ധിച്ച വിവരങ്ങൾ സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്.

(പി.ആർ.ഒ./39/1017/2019)

## പ്രാക്ടിക്കൽ

ആറാം സെമസ്റ്റർ ഡി.ഡി.എം.സി.എ. (2016 അഡ്മിഷൻ റഗുലർ/2014, 2015 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷയുടെ പ്രാക്ടിക്കൽ ജൂൺ 11 മുതൽ വിവിധ കേന്ദ്രങ്ങളിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1018/2019)

## വൈവാവോസി

നാലാം സെമസ്റ്റർ എം.എ. ഫിലോസഫി - പ്രൈവറ്റ് (2016 അഡ്മിഷൻ റഗുലർ, 2016ന് മുമ്പുള്ള അഡ്മിഷൻ സപ്ലിമെന്ററി, 2012, 2013 അഡ്മിഷൻ, അദാലത്ത്, സ്പെഷൽ മേഴ്സി ചാൻസ് 2018)

ഫെബ്രുവരി/മാർച്ച് 2019 പരീക്ഷയുടെ പ്രോജക്ട്/വൈവാവോസി ജൂൺ 20ന് എറണാകുളം മഹാരാജാസ് കോളേജിൽ നടക്കും.

(പി.ആർ.ഒ./39/1019/2019)

2019 മെയ്/ജൂൺ മാസങ്ങളിൽ നടക്കുന്ന മൂന്നും നാലും സെമസ്റ്റർ എം.എസ്‌സി. പ്യുവർ കെമിസ്ട്രി പ്രാക്ടിക്കൽ പ്രോജക്ട്, വൈവാവോസി പരീക്ഷ ജൂൺ 12 മുതൽ ബന്ധപ്പെട്ട കോളേജുകളിൽ നടക്കും. വിദ്യാർഥികൾ അസൽ ഹാൾടിക്കറ്റ് സഹിതം പരീക്ഷയ്ക്ക് എത്തണം. പരീക്ഷയുടെ പ്രാക്ടിക്കൽ അധ്യാപകരുടെ യോഗം ജൂൺ 10ന് സിൽവർ ജൂബിലി പരീക്ഷഭവനിലെ 201-ാം നമ്പർ മുറിയിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്‌സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ./39/1020/2019)

## ബി.എ./ബി.കോം. പ്രൈവറ്റ് നോഷണൽ രജിസ്‌ട്രേഷന് അപേക്ഷിക്കാം

ബി.എ./ബി.കോം (പ്രൈവറ്റ് രജിസ്‌ട്രേഷൻ) 2016 അഡ്മിഷൻ, സി.ബി.സി.എസ്.എസ്. സ്‌കീം പ്രകാരം 2017ൽ ഒന്നും രണ്ടും സെമസ്റ്ററുകളും 2018ൽ മൂന്നും നാലും സെമസ്റ്ററുകളും പൂർത്തിയാക്കുകയും 2019 മാർച്ച്/ഏപ്രിൽ മാസങ്ങളിൽ നടന്ന അഞ്ചും ആറും സെമസ്റ്റർ പരീക്ഷകൾക്ക് ഫീസടച്ച് രജിസ്റ്റർ ചെയ്യാൻ സാധിക്കാത്തവരുമായ വിദ്യാർഥികൾക്ക് നോഷണൽ രജിസ്‌ട്രേഷൻ നടത്തി, പഠിച്ച സ്‌കീമിൽത്തന്നെ കോഴ്‌സ് പൂർത്തിയാക്കാൻ അവസരം. 3,450/- രൂപ ഫീസടയ്ക്കണം. ജൂൺ 11 വരെ അപേക്ഷിക്കാം. 115-ാം നമ്പർ അപേക്ഷഫോം ഉപയോഗിക്കണം. വിശദവിവരത്തിന് ഫോൺ: ബി.കോം - 0481-2733690, ബി.എ. - 0481-2733256.

(പി.ആർ.ഒ./39/1021/2019)

## പരീക്ഷഫലം

2018 നവംബറിൽ നടന്ന മൂന്നാം സെമസ്റ്റർ എം.എസ്‌സി. ക്ലിനിക്കൽ ന്യൂട്രിഷൻ ആന്റ് ഡയറ്ററ്റിക്‌സ് (റഗുലർ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂൺ 18 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/1022/2019)

## സെനറ്റ് യോഗം ജൂലൈ 27ന്

മഹാത്മാ ഗാന്ധി സർവകലാശാല സെനറ്റ് യോഗം ജൂലൈ 27ന് രാവിലെ 10ന് സർവകലാശാല ഭരണവിഭാഗത്തിലെ സെനറ്റ് ഹാളിൽ നടക്കും. യോഗത്തിൽ പ്രമേയങ്ങൾ അവതരിപ്പിക്കുന്നതിനും ചോദ്യങ്ങൾ ചോദിക്കുന്നതിനും താല്പര്യമുള്ള അംഗങ്ങൾ പ്രമേയങ്ങളും ചോദ്യങ്ങളും പ്രത്യേകം പേപ്പറുകളിൽ തയ്യാറാക്കി രജിസ്ട്രാർക്ക് നൽകണം. ചോദ്യങ്ങൾ ജൂൺ 26നും പ്രമേയം ജൂൺ 29നും മുമ്പായി നൽകണം.

(പി.ആർ.ഒ./39/1023/2019)

**എ. അരുൺ കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ